(6 pages)

**DECEMBER 2015** **U/ID 30726/ULDA/ UGLDA**

---

Time : Three hours Maximum : 100 marks

PART A — (10 × 3 = 30 marks)

പത്ത് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 50 വാക്കിൽ കവിയരുത്.

1. കോരൻ പിന്നെ പാടിയില്ല, ആടിയതുമില്ല. അവന്റെ ഉത്സാഹം പെട്ടെന്നു തണുത്തുറഞ്ഞുപോയി. - എന്തുകൊണ്ട്?

2. അപ്പനെ കണ്ടപ്പോൾ കോരന്റെ ഹൃദയം നൊമ്പരപ്പെടാൻ കാരണമെന്ത്?

3. അപ്പം മാർക്കം കൂടാത്തോർക്കൊന്നും കെതിയില്ല്യോ? - ഈ ചോദ്യത്തിന്റെ സാഹചര്യം വിശദമാക്കുക.

4. ‘ഈ കിടാത്തിയെ മേണോങ്കില് നെല്ലും ചക്രോം തരണം’ - സന്ദർഭം കുറിക്കുക.

5. ‘ശരിക്കൊന്നുറങ്ങിയിട്ട് എത്രയായി. രാവെന്നില്ല പകലെന്നില്ല - എപ്പോഴും വീഡിയോയുടെ ഘോഷം തന്നെ’ - വിജയന്റെയും രമയുടെയും സ്വാസ്ഥ്യം കെടുത്തുന്നതെന്താണ്?

6. 'അല്ലെങ്കിൽ ഇതൊക്കെ മറക്കാനുള്ളതാണോ? ആണെങ്കിൽപ്പിന്നെ എന്റെ ജീവിതത്തിന് എന്തർത്ഥമാണുള്ളത്?' - സന്ദർഭം കുറിക്കുക.

7. 'അധികം വൈകാതെ ജനുവരി ഒന്നിന്റെ ബഹളത്തിൽ ഈ കാഴ്ചകളും എന്നിൽ നിന്നു മാഞ്ഞു' - കാഴ്ചകൾ വിവരിക്കുക.

8. 'ആ അഴകുറ്റ കാഴ്ച ആകാശത്തിൽ പറക്കുന്ന ദേവതകൾ എപ്പോഴും ആശ്ചര്യത്തോടെ ഉറ്റുനോക്കിയിട്ടുണ്ടായിരിക്കണം' - ആരുടെ അഭിപ്രായം? എന്തിനെപ്പറ്റി?

9. സാഹിത്യപഞ്ചാനനന്റെ ഏതു വാദത്തെയാണ് എം.പി. ശങ്കുണ്ണിനായർ അനുകൂലിച്ചത്?

10. ഇതു കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് പമ്പാസരസ്സിനടുത്തുള്ള കാട്ടിൽ കണ്ട 'ശ്രീരാമപാദ'മാകുന്നു - ഏത്?

11. കെ. സുകുമാരനെ വൈത്തിരിക്കു സ്ഥലം മാറ്റാൻ കലക്ടറെ പ്രേരിപ്പിച്ച കാരണം വ്യക്തമാക്കുക.

12. കേരളത്തിലെ ഒന്നാമത്തെ ഫിലിം കമ്പനി തുടങ്ങിയതാര്? എന്തായിരുന്നു അതിന്റെ പരിണാമം?

PART B — (5 × 6 = 30 marks)

അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഇടയിൽ സ്റ്റേറ്റു കോൺഗ്രസ്സ് ചെലുത്തിയ സ്വാധീനം രണ്ടിടങ്ങഴിയിൽ എങ്ങനെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നുവെന്നു പരിശോധിക്കുക.

14. വി.സി. ബാലകൃഷ്ണപ്പണിക്കരുടെ സാഹിത്യസേനങ്ങൾ ചർച്ചചെയ്യുക.

15. ചാത്തന്റെയും കോരന്റെയും സ്വഭാവം താരതമ്യപ്പെടുത്തുക.

16. സ്വാഹിലീഭാഷയുടെ പ്രത്യേകതകൾ എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണത്തെ ആസ്പദമാക്കി വിവരിക്കുക.

17. കിളി എന്ന കഥയുടെ പ്രത്യേകതകൾ ചർച്ചചെയ്യുക.

18. മനുഷ്യന്റെയും പിന്നെ പ്രകൃതിയുടെയും മർദ്ദനമേറ്റു ഭയം കൊണ്ടു മരവിച്ചു പോയ ഒരു ജീവിതമാണ് കാപ്പിരിയിൽ നാം കാണുന്നത് - നിരൂപിക്കുക.

19. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ ബഹുമുഖ വ്യക്തിത്വം വിവരിക്കുക.

PART C — (4 × 10 = 40 marks)

20. ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഉപന്യസിക്കുക.

(1 × 10 = 10)

(a) ഔദ്യോഗികഭാഷ മലയാളം

(b) വികസനവും പരിസ്ഥിതി പ്രശ്നങ്ങളും

(c) മതനിരപേക്ഷത എന്ന മിഥ്യ.

21. ഒന്നിന്റെ ആശയം വിപുലീകരിക്കുക. (1 × 10 = 10)

(a) പഴഞ്ചൊല്ലിൽ പതിരില്ല

(b) സുഖത്തിലുണ്ടാം സഖിമാരനേകം

ദുഃഖം വരുമ്പോൾ പുനരാരുമില്ല.

(c) ചുണ്ടയ്ക്ക കാപ്പണം

ചുമട്ടുകൂലി മുക്കാപ്പണം.

22. (a) തെറ്റു തിരുത്തുക. (5 × 1 = 5)

നീരസപ്രദം, കൂർമ്മത, ഭരദേവത, ആവർത്തി, ദാരിദ്രം

(b) വാക്യത്തെറ്റ് തിരുത്തുക. (5 × 1 = 5)

(i) അഴിമതി തീർച്ചയായും തുടച്ചു നീക്കുക തന്നെ വേണം.

(ii) വിമ്മിട്ടം കൊണ്ട് പൊറുതി മുട്ടി.

(iii) തമ്മിൽതമ്മിൽ പരസ്പരം തല്ലുകൂടരുത്.

(iv) അച്ഛൻ മരിച്ചതുകൊണ്ടാണ് അവൻ പഠനം നിറുത്താൻ കാരണം.

(v) ആ ദയനീയമായ കാഴ്ച ആർക്കും അനുകമ്പ ജനിപ്പിക്കും.

23. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക. (1 × 10 = 10)

"Kannaki is a symbol of empowerment, of strength; it is a powerful tale of a woman's fight for justice. I felt that her story was a tale for our times, when women are facing so many problems on different fronts," says Annie Johnson, a student of Koodiyattam and Nangiarkoothu exponent Margi Sathi.

So enamoured was Annie of the intrepid Kannaki that she requested her guru Sathi to teach her to perform the play on the valiant woman, who is revered as a goddess in the famous Attukal temple in the city. Choreographed by the Veteran performer, choreographer and teacher, *Kannakicharitham* narrates the story of the wronged Kannaki, the heroine of the Tamil epic *Silappathikaram* who refused to accept the injustice meted out to her husband, Kovalan.